പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -20 | 09-03-2015-ൽ മറുപടിയ്ക്ക്

# ബിയർ-വൈൻ പാർലർ ലൈസൻസ്

ചോദ്യം:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. ആർ. രാജേഷ്

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകുന്നത് വിദേശമദ്യ ചട്ടത്തിലെ ചട്ടം 13(11) ൽ പ്രതിപാദിച്ചിട്ടുള്ള നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ്, ടി റൂൾ പ്രകാരം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഹോട്ടൽസ്, മോട്ടൽസ്, റിസോർട്ട്, സ്ഥാപനങ്ങൾക്കും ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം മന്ത്രാലയം നൽകിയിട്ടുള്ള 3 സ്റ്റാറും അതിനു മുകളിലും സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കും കേരളാ ഗവൺമെന്റ് നികുതി വകുപ്പ് ടൂറിസം മേഖലയായി നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കേരളാ ഗവൺമെന്റ് ടൂറിസം വകുപ്പ് അംഗീകരിച്ച ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും ബിയർ/ വൈൻ പാർലർ ലൈസൻസ് നൽകാൻ വ്യവസ്ഥയുണ്ട്. ആയതിനുള്ള ലൈസൻസ് ഫീസ് 4,00,000/- രൂപയാണ്.<br>20.12.2014 ലെ ജി.ഒ. (എം. എസ്) നം. 205/2014/നി.വ നമ്പർ മദ്യനയം സംബന്ധിച്ച സർക്കാർ ഉത്തരവിൽ 31.03.2014 - ൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്ന ഹൈജീനിക് ആയ ബാർ ഹോട്ടലുകൾക്ക്, ഓരോ ബാറിലും ഉണ്ടായിരുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ ബിയർ/ വൈൻ പാർലർ ലൈസൻസ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻപ് ബാർ ലൈസൻസ് ഉണ്ടായിരുന്നത് കൊണ്ട് നിലവിൽ അനുവദിക്കുന്ന എഫ്.എൽ.11 ലൈസൻസുകൾ ബാർ ലൈസൻസിന്റെ തുടർച്ചയായി കണക്കിലെടുത്ത് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>30.12.2014 ജി.ഒ. (പി) നം 211/14/നി.വ നം. സർക്കാർ ഉത്തരവു പ്രകാരം വിദേശ മദ്യ ചട്ടത്തിൽ വരുത്തിയ ഭേദഗതി പ്രകാരം 31.03.2014 വരെ പ്രവർത്തിച്ചിരുന്ന ബാർ ഹോട്ടലുകൾക്ക് ലൈസൻസികളുടെ അപേക്ഷയിൻമേൽ ബിയർ/വൈൻ പാർലർ ലൈസൻസ് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നൽകാൻ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.<br>1) നേരത്തെ നൽകിയിരുന്ന എഫ്. എൽ.3 ലൈസൻസ് എഫ്.എൽ.11 ലൈസൻസ് ആയി കരുതികൊണ്ട് ടി ലൈസൻസ് പുതുക്കി നൽകുന്നതായി പരിഗണിക്കുന്നതാണ്.<br>2) വിദേശ മദ്യ ചട്ടം 13(11) പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ടി എഫ്.എൽ.11 ലൈസൻസിന് ബാധകമായിരിക്കും. |

| | | | |
|---|---|---|---|
| | | | 3) ലൈസൻസിനോ / ലൈസൻസ് പ്രിമൈസസിനോ ഒരു മാറ്റവും പാടുള്ളതല്ല.<br>4) 31.03.2014 വരെ പ്രവർത്തിച്ചിരുന്ന എല്ലാ ജോലിക്കാരെയും ലൈസൻസി നില നിർത്തേണ്ടതാണ്.<br>5) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരിശോധനയിൽ ലൈസൻസ് പ്രിമൈസസ് വൃത്തിയുള്ളതായി ബോദ്ധ്യപ്പെട്ടിരിക്കണം. |
| (ബി) | സംസ്ഥാനത്ത് പൂട്ടിയിരുന്ന ബാർ ഹോട്ടലുകൾക്ക് പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകിയത് നിലവിലുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ; | (ബി) | പുതുക്കിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ വിദേശ മദ്യ ചട്ടത്തിൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് പൂട്ടിയിരുന്ന ബാർ ഹോട്ടലുകൾക്ക് ബിയർ -വൈൻ പാർലർ ലൈസൻസുകൾ നൽകിയിട്ടുള്ളത്. ആയതിനാൽ യാതൊരു വ്യവസ്ഥകളും ലംഘിക്കപ്പെട്ടിട്ടില്ലാത്തതാകുന്നു. |
| (സി) | പുതുതായി ബിയർ-വൈൻ പാർലർ ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണോ; ആവശ്യമുള്ള പക്ഷം പ്രസ്തുത അനുമതി ഇല്ലാതെ ഇപ്പോൾ എത്ര ബിയർ -വൈൻ പാർലറുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | പുതുതായി ബിയർ-വൈൻ പാർലർ ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്. അനുമതിയില്ലാതെ പുതുതായി ഒരു ബിയർ/ വൈൻ പാർലറുകളും അനുവദിച്ചിട്ടില്ല. എന്നാൽ പൂട്ടിക്കിടന്ന 418 ബാർ ഹോട്ടലുകൾക്ക് ബിയർ/ വൈൻ പാർലർ ലൈസൻസ് അനുവദിച്ചു വരുന്നത് വിദേശ മദ്യ ചട്ടത്തിലെ ചട്ടം 11 B പ്രകാരമാണ്. 31.03.2014 വരെ പ്രവർത്തിച്ചിരുന്ന ബാർ ഹോട്ടലുകൾക്ക് നേരത്തെ നൽകിയിരുന്ന എഫ്.എൽ.3 ലൈസൻസ് എഫ്.എൽ.11 ലൈസൻസ് ആയി കണക്കാക്കി എഫ്.എൽ.11 ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഒരു |

| | | | |
|---|---|---|---|
| | | | അബ്കാരി ലൈസൻസ് പുതുക്കി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ **N.O.C** ആവശ്യമില്ലാത്തതാകുന്നു. |
| (ഡി) | എത്ര ബിയർ-വൈൻ പാർലറുകൾക്ക് സർക്കാർ നിയമവ്യവസ്ഥകളിൽ നിന്നും പ്രത്യേക ഇളവുകൾ നൽകുകയുണ്ടായിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം സർക്കാർ ഏറ്റെടുത്തത് ഏത് നിയമനിർമ്മാണത്തിലൂടെയാണ്; തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ഇക്കാര്യത്തിലുണ്ടായിരുന്നുവോയെന്നും വ്യക്തമാക്കാമോ ? | (ഡി) | വിദേശ മദ്യചട്ടത്തിലെ ചട്ടം 13(11), 13(11 B) വ്യവസ്ഥകൾ പ്രകാരമാണ് ബിയർ-വൈൻ പാർലറുകൾ അനുവദിച്ചിട്ടുള്ളത്. ഒരു ബിയർ വൈൻ പാർലർറിനുപോലും ഇളവുകൾ ഒന്നും അനുവദിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം സർക്കാർ ഏറ്റെടുത്തിട്ടില്ല. പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**